ശ്രീ. ജി. വരദൻ : ഇപ്പോഴുള്ള പ്ലാൻറ്റേഷൻ ആക്ട്പടി കുടിവെള്ളം കൊടുക്കേണ്ടുന്നതാണെന്നു പറഞ്ഞാലും എസ്റ്റേറ്റ് സൊസൈറ്റിക്കാർ കുടിവെള്ളം കൊടുക്കുന്നില്ല. പ്ലാൻറ്റേഷൻ അധികൃതരെ അറിയിച്ചാലും അവർ വന്നു നോക്കിയിട്ടു പോകുന്നതല്ലാതെ നടപടിയെടുക്കുന്നില്ല. ഇതിനെതിരെ നമ്മുടെ സർക്കാർ എന്തെങ്കിലും നടപടിയെടുക്കുമോ ?

ശ്രീ. കെ. ശിവദാസൻ : നിശ്ചയമായും പ്ലാൻറേഷൻ ഉദ്യോഗസ്ഥൻമാർ ഇതെല്ലാം കൊടുക്കേണ്ടതാണ്. അവരുടെ സൗജന്യമായിട്ടല്ല, നിയമപരമായി തന്നെ അവർക്ക് ബാദ്ധ്യതയുണ്ട്. ഇതു എപ്പോഴും ചൂണ്ടിക്കാണിച്ചാലും അവരുടെ പേരിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള എല്ലാ നടപടികളും എടുത്ത് നിയമം എൻഫോഴ്സ് ചെയ്യുന്നതാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി : തോട്ടം തൊഴിലാളികളുടെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ഇന്നു തന്നെയുള്ള ചില സ്റ്റാറ്റ്യൂട്ടറി നിയമമനുസരിച്ച് നടപടികളും എടുക്കേണ്ടതുണ്ട്. പ്ലാൻറേഷൻ ഇൻസ്പെക്ടർമാരും മാറും കേസ്സുകളും എടുക്കാതെ തോട്ടം ഉടമകളെ സഹായിച്ചുവരികയാണ് ചെയ്യുന്നത്. കുറെ കേസുകളും എടുത്തിട്ടുണ്ട്. ശിക്ഷിച്ചിട്ടുണ്ട് എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതെല്ലാം നോർമലായ എന്തെങ്കിലും ഒരു 10 രൂപ ശിക്ഷിച്ചു എന്നല്ലാതെ, കാര്യമായ എന്തെങ്കിലും ശിക്ഷണ നടപടികളും നൽകത്തക്ക കേസുകളും എടുത്തിട്ടുണ്ടോ ? അങ്ങിനെ ഏതെങ്കിലും തോട്ടം ഉടമകളെ ശിക്ഷിച്ചിട്ടുണ്ടോ ? അതു ഒന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. ശിവദാസൻ : 1-5-1985 മുതൽ നവംബർ 86 വരെ 87 പ്രോസിക്യൂഷൻ കേസുകളും എടുത്തു. അതിൽ 28 കേസുകളിൽ ശിക്ഷിച്ചിട്ടുണ്ട്. 11 കേസുകളും വെറുതെ വിട്ടിട്ടുണ്ട്, 48 കേസുകളും പെൻറിംഗാണ്. അതു പോലെ മെഡിക്കൽ ഫെസിലിറ്റീസ് കൊടുക്കാതിരുന്നതിനു 5 കേസുകളും എടുത്തിട്ടുണ്ട്.

ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ

* 35 [377] ശ്രീ. പി. കുമാരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. വി. കെ. രാജൻ :
,, എം. കെ. കേശവൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികസന ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന ഗ്രാമീണ ക്ഷേമപ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നുകൊണ്ടിരിക്കുന്ന വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് സ്ഥിരം വിജിലൻസ് + കമ്മറ്റി രൂപീകരിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻറെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഗ്രാമവികസന വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല :

(എ) ചില സ്ഥലങ്ങളിൽ ക്രമക്കേടുകൾ നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) 18-8-1986-ലെ ജി. ഒ. ആർ. ടി. 820/84/ ഡി. ഡി. ഉത്തരവ് അനുസരിച്ച് ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ ഒരുവിജിലൻസ് സെൽ ജില്ലകളിൽ രൂപീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ കളക്ടർക്കു ഉത്തമവിശ്വാസമുള്ള മൂന്ന് ഉദ്യോഗസ്ഥൻമാരായിരിക്കും ഈ സെല്ലിലുള്ളത്. ഗ്രാമവികസനവകുപ്പു വഴി നടത്തുന്ന പ്രവർത്തനങ്ങളും മറ്റും പരിശോധിക്കാൻ ഈ സെല്ലിനു ചുമതലയുണ്ട്.

ശ്രീ. പി. കുമാരൻ : ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ നടക്കുന്ന ഏറ്റവും വലിയ വികസന പ്രവർത്തനങ്ങൾ. ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതു പരിശോധിക്കാനായി എഞ്ചിനിയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരുടെ കുറവുകൾ നികത്താൻ എന്തെങ്കിലും സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : ഇപ്പോൾ ബ്ലോക്കു തലത്തിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ വേണ്ടി കുറച്ചുകൂടി ഇഫക്ടീവ് സൂപ്പർവിഷനും മറ്റ് കാര്യങ്ങൾക്കുമായി എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തണമെന്നുള്ള ഉദ്ദേശം ഗവൺമെന്റിന്റെ പക്കലുണ്ട് അക്കാര്യത്തെപ്പറ്റി ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കുമാരൻ : അട്ടപ്പാടി ബ്ലോക്കിന്റെ പരിധിയിൽപ്പെടുന്ന ട്ടനവധി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. വളരെയധികം ക്രമക്കേടുകളുണ്ട്. അക്കാര്യത്തെ മുൻനിറുത്തി വിജിലൻസിനെക്കൊണ്ട് പരിശോധിപ്പിച്ചു നടപടികൾ എടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : അട്ടപ്പാടി വികസന ബ്ലോക്കിൽ നടന്ന ചില ക്രമക്കേടുകളെപ്പറ്റി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിന് ജില്ലാ കളക്ടർ ചില നടപടികൾ എടുത്തു വരികയാണ്. എനിക്ക് അറിവുള്ളിടത്തോളം എഞ്ചിനീയർമാർ, ഓവർസിയർ, ഐ. ആർ. ഡി. പി. ഓഫീസർമാർ ഉൾപ്പെടെയുള്ള ആളുകളെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ വിശദമായ റിപ്പോർട്ടു ഗവൺമെന്റ് പ്രതീക്ഷിക്കുകയാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ക്രമക്കേടുകൾ പരിശോധിക്കുന്നതിന് വേണ്ടി ഒരു സെൽ രൂപീകരിച്ചിട്ടുണ്ടെന്നും ഈ സെല്ലിൽ മൂന്നു ഉദ്യോഗസ്ഥൻമാരാണുള്ളതെന്നും മന്ത്രി ഇവിടെ പറഞ്ഞു. ഈ ക്രമക്കേടുകൾ കാണിക്കുന്നതുതന്നെ ഉദ്യോഗസ്ഥൻമാരാണ്. അപ്പോൾ ആ ഉദ്യോഗസ്ഥൻമാരുടെ ക്രമക്കേടുകൾ പരിശോധിക്കുന്നതിനും അവരെ ശിക്ഷിക്കുന്നതിനും വേണ്ടി ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിൽ എന്താണ് അർത്ഥമുള്ളത് ? അത് പ്രോൽസാഹിപ്പിക്കലല്ലേ അനൗദ്യോഗിക മെമ്പർമാരെ ഈ സെല്ലിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രമേശ് ചെന്നിത്തല : അനൗദ്യോഗിക മെമ്പർമാരെ ഈ സെല്ലിൽ ഉൾപ്പെടുത്തണ കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ലാത്ത ഒരു കാര്യമാണ്. പക്ഷേ ചീഫ് ടെക്നിക്കൽ എക്സാമിനർ ഈ കാര്യത്തിൽ പരിശോധന നടത്താൻ വേണ്ടി ഗ്രാമവികസന ഡിപ്പാർട്ടുമെന്റിൽ നിന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റോഡ് പണികളുടെ കാര്യത്തിലാണെങ്കിൽ വളരെ പെട്ടെന്ന് ചെന്ന് പരിശോധിക്കുവാനും ക്വാളിറ്റിയുണ്ടോയെന്ന് നോക്കുവാനും എന്തെങ്കിലും അപാകതകൾ ഉണ്ടോയെന്ന് പരിശോധിക്കുവാനുമാണ് ചീഫ് ടെക്നിക്കൽ എക്സാമിനറെ ഈ കാര്യത്തിൽ ചുമതലപ്പെടുത്തിയിട്ടുള്ളത്.

ശ്രീമതി ഭാർഗവി തങ്കപ്പൻ : ഇതിന് മുൻപ് ബി. ഡി. സി നിലവിലുണ്ടായിരുന്നു. ഈ ബി. ഡി. സി. യെങ്കിലും കൂടി, ഇത്തരം പ്രർത്തനങ്ങളെ സംബന്ധിച്ചും, ഇത്തരം അഴിമതികളെ സംബന്ധിച്ചും ഒക്കെ അവർ ചർച്ച ചെയ്യുക പതിവുണ്ട്. കുറച്ചൊക്കെ ക്രമക്കേടുകൾ കുറയ്ക്കാൻ അത് കാരണമാകുമായിരുന്നു. അനൗദ്യോഗിക മെമ്പർമാരെ ഉൾപ്പെടുത്തികൊണ്ട് എന്താണ് ബി. ഡി. സി. വീണ്ടും പുനരാരംഭിക്കാത്തത് ഇപ്പോൾ കോൺഗ്രസ് ഐ. യുടെ ധാരാളം മെമ്പർമാർ ബി. ഡി. സി. വരാറുണ്ട് എന്നാൽ ബി. ഡി. സി. രൂപീകരിക്കുന്നുമില്ല. അതുകൊണ്ട് പ്രതിപക്ഷ ഭരണപക്ഷ വ്യത്യാസം കൂടാതെ അനൗദ്യോഗിക മെമ്പർമാരെ ഉൾപ്പെടുത്തികൊണ്ട് ബി. ഡി. സി. റീകോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ബി. ഡി. സി. കൾ നിലവിലില്ല. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മറ്റിയിലെ പ്രസിഡന്റുമാരും മെമ്പർമാരുമാണ് ഇതിനകത്തെ പ്രധാനമായ ഒരു പക്ഷം വഹിക്കേണ്ടത്. എന്നാൽ ഇപ്പോൾ പഞ്ചായത്ത് സമിതികൾ നിലവിലില്ലാത്തതുകൊണ്ട് ബി. ഡി. സി. പുനഃസംഘടിപ്പിക്കാത്ത ഒരു സഹചര്യമാണ് ഇവിടെയുണ്ടായിട്ടുള്ളത്. തെരഞ്ഞെടുപ്പ് നടക്കുന്ന മുറക്ക് ബി. ഡി. സി കൾ പുനഃസ്ഥാപിക്കുന്നതാണ്.

ശ്രീ. വി. കെ. രാജൻ : പമ്പ് സെറ്റുകളുടെ വിതരണത്തിൽ ചില ബ്ലോക്ക് ഉദ്യോഗസ്ഥൻമാരും സ്വകാര്യ പമ്പ് സെറ്റ് വിതരണക്കാരും തമ്മിൽ ഒത്തുകളി നടത്തി കൃഷിക്കാരെ ചൂഷണം ചെയ്യുന്നതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ അങ്ങനെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ചില കേസുകളുണ്ടെന്നും അത് കളക്ടറുടെ തീരുമാനത്തിന് വിട്ടിരിക്കുന്നുവെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ കളക്ടറുടെ തീരുമാനമല്ല, ഈ കൊള്ള ചെയ്യുന്ന ആളുകളെ പിടിക്കാൻ ഗവൺമെന്റിന് എന്തെങ്കിലും നടപടിയുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല : ചെറുകിട കൃഷിക്കാർക്കും പരിമിത കൃഷിക്കാർക്കുമൊക്കെ പമ്പ്സെറ്റ് കൊടുക്കുന്ന കാര്യത്തിൽ ചില അപാകതകളുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന് പ്രാഥമികമായ മുഖേന സൂചന ലഭിച്ചിട്ടുണ്ട്. സഹചര്യത്തിൽ ഗവൺമെന്റ് ഇപ്പോൾ പുതിയ നയം എടുത്തിരിക്കുകയാണ്. ഈ പമ്പ് സെറ്റുകൾ അതോടൊപ്പം തന്നെ മറ്റ് ചെറിയ ജലസേചന സൗകര്യങ്ങൾക്കും വേണ്ട ഉപകരണങ്ങൾ വാങ്ങുന്ന കാര്യത്തിലുമൊക്കെ ഗവൺമെന്റ് ഇപ്പോൾ സബ്സിഡി ഫിക്സ് ചെയ്തിരിക്കുകയാണ്. അങ്ങനെ ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള കടയിൽനിന്ന് ഇഷ്ടമുള്ള

LIBRARY ARCHIVES Kerala Legislative Assembly

വ്യാപാരികളുടെ കൈയ്യിൽ നിന്ന് ഇഷ്ടമുള്ളകമ്പനികളുടെ കൈയിൽ നിന്ന് വാങ്ങാനുള്ള പൂർണ്ണമായ അധികാരം നൽകിക്കൊണ്ടുള്ള ഒരു ഉത്തരവ് ഗവൺമെന്റ് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. വി. കെ. രാജൻ :- പമ്പ്സെറ്റ് വിതരണം നടത്തുന്നതിൽ ചില ബ്ലോക്ക് ഉദ്യോഗസ്ഥൻമാരും സഹകാര്യ പമ്പ്സെറ്റ് വിതരണക്കാരും തമ്മിൽ ഒത്തുകളി നടത്തിയിട്ടുണ്ട് എന്നുള്ളതിനെപ്പറ്റി ചില ആരോപണങ്ങൾ കിട്ടിയിട്ടുണ്ടെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും കളക്ടറുടെ തീരുമാനത്തിന് വിട്ടതായിട്ടും മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ കളക്ടറുടെ തീരുമാനം നിശ്ചിത കാലത്തേക്ക് നിണ്ടുപോകും. അതുകൊണ്ട്, അത്തരം ക്രമക്കേടുകൾ കാണിച്ച ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കാൻ സർക്കാരിൽ എന്തെങ്കിലും താല്പര്യമുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : തീർച്ചയായിട്ടും അത്തരത്തിലുള്ള ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചാൽ ഗവൺമെന്റ് തന്നെ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. രാജൻ : സർക്കാർ തന്നെ പമ്പുസെറ്റുകൾ ഇന്ന ട്രേഡ് മാർക്കുള്ളത് വാങ്ങണമെന്ന് ആദ്യം ഒരു നിർദ്ദേശം കൊടുത്തു. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ അഴിമതി നടക്കുവാനുള്ള പ്രധാന ഘടകം. ഇപ്പോൾ ഉത്തരവ് പിൻവലിച്ചതായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. എന്നാൽ മുൻകാലങ്ങളിൽ ചെയ്ത നടപടികളെ സംബന്ധിച്ച് നിരവധി ആരോപണങ്ങളുണ്ട്. അത്തരം ആരോപണങ്ങളിൽ എത്ര മാസത്തിനകം തീരുമാനമെടുക്കും?

ശ്രീ. രമേശ് ചെന്നിത്തല : പരാതികൾ കിട്ടുകയാണെങ്കിൽ, തീർച്ചയായിട്ടും ഗവൺമെന്റ് അക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. സ്പെസിഫിക്കായിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഈ പാവപ്പെട്ട പാവപ്പെട്ട കർഷകരേയും, ചെറുകിട കർഷകരെയും സഹായിക്കേണ്ട ഈ പദ്ധതി അവരുടെ ഇഷ്ടാനുസരണം നടപ്പാക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. എം. കെ. കേശവൻ : ബ്ലോക്കുകൾ വഴി നടത്തുന്ന പ്രവർത്തനങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. ബ്ലോക്കുകൾ വഴി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും അഴിമതിയുണ്ടെന്ന് ഇന്ന് പറയുകയും അംഗീകരിക്കപ്പെട്ടു കഴിഞ്ഞ ഒരു കാര്യമാണ്. എന്നാൽ ഈ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ വച്ചിരിക്കുന്ന മൂന്നംഗങ്ങളുള്ള കമ്മിറ്റിയിലെ തന്നെ പല ആളുകളും അഴിമതിക്കാരാണ്. അതുകൊണ്ട് ആ സംവിധാനം മാറ്റിയിട്ട് ഏതെങ്കിലും, അഴിമതിയില്ലാത്ത ഒരു സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല : വികസന ഡിപ്പാർട്ടുമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളും അഴിമതി നിറഞ്ഞതാണെന്നുള്ള ആ വാദത്തോട് എനിക്ക് യോജിപ്പില്ല ചില ചുരക്കം സ്ഥലങ്ങളിൽ എന്തെങ്കിലും ക്രമക്കേടുകളുണ്ടെങ്കിൽ പൊതുജനങ്ങളുടെ പരാതികളുടെ അടിസ്ഥാനത്തിലോ അങ്ങനെ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അന്വേഷിക്കാൻ വേണ്ടിയാണ് കളക്ടർ ചെയർമാനായിട്ടുള്ള വിജിലൻസ് റൂപവൽക്കരിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം നല്ല

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ മുന്നോട്ട് പോകുന്നുണ്ട്. ഇത് കുറച്ചുകൂടി എഫക്ടീവായിട്ട് നടപ്പാക്കാനുള്ള നടപടികളും ഗവൺമെന്റ് ഇപ്പോൾ ആലോചിച്ച് വരികയുമാണ്.

ശ്രീ. എം. കെ. കേശവൻ : ശ്രീ രമേശ് ചെന്നിത്തല : മന്ത്രിയല്ലാതിരുന്ന അവസരങ്ങളിൽ ഈ നിയമസഭയിൽതന്നെ ഞാൻ ഈ കാര്യങ്ങൾ പറഞ്ഞിരുന്നതാണ്. എന്നാൽ ഇപ്പോൾ അദ്ദേഹം മന്ത്രിയായതുകൊണ്ട് പറയാൻ സാധിക്കുകയില്ല. ഇപ്പോൾ ബ്ലോക്കുകളിലെ ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. പ്രവർത്തനങ്ങളുടെ ഗുണഭോക്തക്കളുടെ ഫലം കിട്ടണമെങ്കിൽ കൈക്കൂലി കൊടുത്തേ സാധിക്കുകയുള്ളു. അതുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിച്ച് ആ അഴിമതി ഒഴിവാക്കി ഏത് വിധത്തിലുള്ള നടപടിയും സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ഇപ്പോൾ തന്നെ ഈ ഐ. ആർ. ഡി. പി. യുടെ ക്രമക്കേടുകൾ മൂലം ആറ് ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്യുകയും പതിനാറ് ജീവനക്കാരുടെ പേരിൽ നടപടി സ്വീകരിച്ച് ശിക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. 35 ജീവനക്കാർക്ക് കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്. ഐ. ആർ. ഡി. പി. ആനുകൂല്യം ലഭിക്കുന്നതിന് അർഹതയില്ലാത്തവർക്ക് ലഭിച്ചിട്ടുണ്ടെന്നുള്ള പരാതി ഇപ്പോൾ പല ഭാഗത്തുനിന്നും ഉയർന്നു വന്ന സാഹചര്യത്തിൽതന്നെ ലിസ്റ്റിൽ പേരുണ്ടെങ്കിലും വീണ്ടും ഒരു പരിശോധന നടത്തിയിട്ട് മാത്രമേ അവർക്ക് അതിനുള്ള ആനുകൂല്യം കൊടുക്കാവൂ എന്നാണ് ഗവൺമെന്റ് ഇപ്പോൾ കൊടുത്തിരിക്കുന്ന നിർദ്ദേശം. ഈ കാര്യത്തിൽ വളരെ ഫലവത്തായ കാര്യങ്ങൾ നടപ്പാക്കണമെന്നുള്ള ഉദ്ദേശമാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. പി. വിജയദാസ് : ചിറയിൻകീഴ് ബ്ലോക്കിൽ എൻ. ആർ. ഇ. പി. വർക്കുകൾക്കു അനുവദിച്ച ആഹാരസാധനങ്ങളായ അരിയും ഗോതമ്പും ജോലി ചെയ്യാത്ത ആളുകൾക്ക് കൊടുത്ത വകയിൽ ഏകദേശം രണ്ടു ലക്ഷം രൂപയുടെ ക്രമക്കേട് നടന്നത് ആഡിറ്റർ ജനറൽ കണ്ടുപിടിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : അത് എനിക്ക് പരിശോധിച്ചാൽ മാത്രമേ പറയാൻ കഴിയുകയുള്ളു.

ശ്രീ. ബെന്നി ബഹനാൻ : ബ്ലോക്കിന്റെ കീഴിൽ നടക്കുന്ന എൻ. ആർ. ഇ. പി. ആർ. എൽ. ഇ. ജി. പി. പ്രവർത്തനങ്ങളിൽ നോമിനിയുടെ ഭാഗത്തുനിന്നുണ്ടാകുന്ന ക്രമക്കേടുകൾ മൂലം ചിലപ്പോൾ തുടങ്ങിവച്ച പണികൾ പൂർത്തീകരിക്കാതെ കിടക്കുന്നു. അങ്ങനെ നോമിനിയുടെ ഭാഗത്തുനിന്നുള്ള ക്രമക്കേടുകൾ നിമിത്തം പൂർത്തീകരിക്കാതെ കിടക്കുന്ന പണികൾ ഈ നോമിനിയെ മാറ്റിയോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിച്ചോ പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല : നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും 30-9-1986-നകം പൂർത്തിയാക്കണമെന്നും, ഒരു കാരണവശാലും നടക്കാത്ത വർക്കുകളാണെങ്കിൽ അവ ക്ലോസ് ചെയ്തു പുതിയ വർക്ക് ഏറ്റെടുക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് തന്നെ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : വാമനപുരം ബ്ലോക്കിൽ കഴിഞ്ഞ 1985-ൽ എഗ്രിമെന്റ് ഒപ്പിടാതെ ഒരു വർക്കിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകി അഡ്വാൻസ് ഉൾപ്പെടെ കൊടുത്തിട്ട് ആ വർക്ക് പൂർത്തിയാക്കി. അതിനെ സംബന്ധിച്ച് ബിൽ കൊടുക്കാതെ വന്നപ്പോൾ അന്ന് അധികാരത്തിലിരുന്ന മന്ത്രിക്ക് പെറ്റീഷൻ കൊടുത്തു. മന്ത്രി ഉടൻ തന്നെ അതിന് നടപടി നടത്തണമെന്നും ഡിസിപ്ലിനറി ആക്ഷൻ എടുക്കണമെന്നും പറഞ്ഞ് കളക്ടർക്ക് എഴുതി. അതിന് ഇതുവരെ നടപടിയെടുത്തിട്ടില്ല. അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഒന്ന് അന്വേഷിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : തീർച്ചയായിട്ടും ഗവൺമെന്റ് അത് അന്വേഷിക്കുന്നതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : വികസന ബ്ലോക്കുകൾ വഴി നടന്നിട്ടുള്ള ഭവന നിർമ്മാണ പദ്ധതികളിൽ നോമിനികളും, അവരുടെ ശിൽബന്ധികളും നടത്തിയിട്ടുള്ള അഴിമതികളുടെ ഫലമായി പല വീടുകളുടേയും പണി പൂർത്തിയാകാതെ കിടക്കുകയാണ്. അതുകൊണ്ട് പണി പൂർത്തിയാകാത്ത വീടുകളുടെ പണി പൂർത്തിയാക്കാൻ ഗവൺമെന്റ് സഹായിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ ഹരിജനങ്ങൾക്കും ആദിവാസികൾക്കും വേണ്ടിയിട്ടുള്ള ഭവന നിർമ്മാണ പദ്ധതി ത്വരിതപ്പെടുത്താൻവേണ്ടി ഇന്നലെ മന്ത്രിസഭായോഗം കൂടി ഓരോ ബ്ലോക്കിലും ജനറൽ എക്സ്റ്റൻഷൻ ഓഫീസേഴ്സ് (ഹൗസിംഗ്) എന്ന ഒരു പുതിയ തസ്തികയുണ്ടാക്കുകയും അതിന് 151 പോസ്റ്റ് ക്രിയേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ബനിഫിഷറീസിനെ കൊണ്ടുതന്നെ വീട് നിർമ്മിക്കണമെന്നുള്ളതാണ് ഇപ്പോൾ ഗവൺമെന്റ് കൊടുത്തിട്ടുള്ള നിർദ്ദേശം. കൂടാതെ കൂടുതൽ ഉറപ്പുള്ളതും, ബലമുള്ളതുമായ വീടുകൾ നിർമ്മിക്കണമെന്നും, ആ വീട് ആർക്കാണോ ലഭിക്കേണ്ടത് ആ ഗുണഭോക്താക്കളെ കൊണ്ട് നിർമ്മിക്കണമെന്നുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നോമിനികൾ ഇട്ടിട്ട്പോയിട്ടുള്ള വർക്കുകളുണ്ടെങ്കിൽ തീർച്ചയായിട്ടും അത് പരിശോധിച്ച് അത് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : "സാഡു" സ്കീമനുസരിച്ച് ഓടന്നൂർ ബ്ലോക്കിലുംമറ്റും 1982-ൽ പമ്പുസെറ്റുകൾ വിതരണം ചെയ്തിട്ട് ഇതുവരെ ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതുകൊണ്ട് തുരുമ്പ് പിടിച്ചുകൊണ്ടിരിക്കുകയാണ്. ഈ ക്രമക്കേട് പരിഹരിക്കാൻ ബ്ലോക്കിന് ഒന്നും ചെയ്യാൻ നിർവ്വാഹമില്ലെന്നുള്ള ഒരു നിസ്സഹായാവസ്ഥയാണുള്ളത്. ഇതിന്റെ വിഹിതമൊക്കെ കർഷകർ അടച്ചിട്ട് അത് പ്രവർത്തിക്കുന്നതിന് കറണ്ട് കിട്ടാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ഇത് ഈ ചോദ്യമായി ബന്ധമില്ലെങ്കിലും അതിനെപ്പറ്റി ഏകദേശമായ ഒരു മറുപടി എനിക്ക് നൽകാനുണ്ട്. ഇപ്പോൾ പമ്പ് സെറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് വേണ്ടിയിട്ടുള്ള ചില സംരംഭങ്ങൾക്ക് ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുന്ന കാര്യങ്ങളെപ്പറ്റിയെല്ലാം ഗവൺമെന്റ് പരിശോധിച്ചതിനുശേഷം അതിന് കൂടുതൽ പ്രയോറിറ്റി കൊടുക്കാനുള്ള ഒരു തീരുമാനം സെക്രട്ടറീസ് ലെവലിൽ ഇപ്പോഴെടുത്തിട്ടുണ്ട്.

ശ്രീ. വി. കേശവൻ : ബ്ലോക്കുകളിൽ നടക്കുന്ന അഴിമതികളെയും ക്രമക്കേടുകളെയും സംബന്ധിച്ച് സ്പെസിഫിക്കായി ചൂണ്ടിക്കാണിച്ചാൽ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെപ്പറഞ്ഞു. എന്റെ മണ്ഡലമായ പന്തളം തെക്കെക്കര പഞ്ചായത്തിൽ പാറക്കര എന്ന സ്ഥലത്തു നിന്നാരംഭിക്കുന്ന പേരുവഴി-ചന്ദനപ്പള്ളി റോഡ് മൂന്നുവർഷത്തിനുമുമ്പ് ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഏറ്റെടുത്ത് വർക്ക് ആരംഭിച്ചതാണ്. പക്ഷേ അതിന്റെ നോമിനി കുറച്ച് മെറ്റൽ കൊണ്ടു വന്നിറക്കിയിട്ട് അന്ന് പോയതാണ്. അയാളം സ്ഥലത്തുണ്ട്. ഞാൻ പല പ്രാവശ്യം ഇക്കാര്യം ഡി. സി. സി. യിലും ബ്ലോക്കിലും കളക്ടറുടെ അടുത്തും പറഞ്ഞതാണ്, അത് നടക്കുന്നില്ല. ടാറിംഗ് ഉൾപ്പെടെയുള്ള വർക്കുകളുണ്ട്. ആ വർക്ക് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? അതുപോലെതന്നെ ചില എഞ്ചിനീയർമാരുമായി ബന്ധപ്പെട്ട് ഇറക്കിയ മെറ്റീരിയൽസിന്റെ പാർട്ട് ബില്ലും മാറിക്കൊണ്ടാണ് അയാം പോയിരിക്കുന്നത്. അത് ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായി നടപടി സ്വീകരിക്കുമോ ? ആ റോഡിന്റെ പണി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം അദ്ദേഹം എഴുതിത്തന്നാൽ തീർച്ചയായിട്ടും എത്രയും പെട്ടെന്ന് അതിനുവേണ്ട നടപടികളം സ്വീകരിക്കുന്നതാണ്.

റെക്ടിഫൈഡ് സ്പിരിറ്റ് ഇറക്കുമതി

*352. [378] ശ്രീ. വി. സി. കബീർ :
,, എ. വി. താമരാക്ഷൻ :
,, പി. വിജയദാസ് :
,, കെ. ശങ്കരനാരായണപിള്ള
,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാരായം ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന റെക്ടിഫൈഡ് സ്പിരിറ്റ് ഇറക്കുമതി ചാനലൈസ് ചെയ്തത് എന്നു മുതൽ ആണ് ;

(ബി) ഇപ്രകാരം ഒരു തീരുമാനം എടുക്കാൻ കാരണമെന്താണ് ;

(സി) ഏതു സർക്കാരിന്റെ കാലത്താണ് ചാനലൈസേഷൻ നടപ്പിലാക്കിയത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ 20-10-1986 വരെ ഓരോ വർഷവും എത്ര പ്രിന്റർ റെക്ടിഫൈഡ് സ്പിരിറ്റ് ഇറക്കുമതി ചെയ്തിട്ടുണ്ട് ;

(ഇ) സർക്കാർ നേരിട്ടാണോ ട്രാൻസ്പോർട്ട് ചെയ്തിരുന്നത് ;

(എഫ്) ഇറക്കുമതി ചെയ്ത സ്പിരിറ്റ് ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള കോൺട്രാക്റ്റ് ഏതു ഏജൻസിക്കാണ് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly